**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6119** **09-07-2024 - ൽ മറുപടിയ്ക്ക്**

**യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പ് ആരംഭിച്ച യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പ് ആരംഭിച്ച യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്റർപ്രീണേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 2283, സ്മാർട്ട് സിറ്റിയുടെ ടെൻഡറിൽ പങ്കെടുത്ത് പുത്തരിക്കണ്ടം, പുത്തൻച്ചന്ത എന്നീ പാർക്കുകളുടെ പരിപാലനം ഏറ്റെടുത്തിട്ടുണ്ട്. വൈബ് ഗ്രീൻ ആന്റ് ടൂറിസം ഡിവിഷൻ, വൈബ് പ്രോഡക്റ്റ് ഡിവിഷൻ, വൈബ് ഹെൽത്ത് ഡിവിഷൻ, വൈബ് ഐ.റ്റി., വൈബ് സർവ്വീസ് ഡിവിഷൻ, വൈബ് മീഡിയ, വൈബ് അക്കാദമി എന്നീ പേരുകളിലുള്ള സംഘത്തിന്റെ വിവിധ പ്രോജക്ടുകളിലൂടെ വിവിധ സ്റ്റോറുകളും പ്രവർത്തനങ്ങളും നടത്തി വരുന്നു. കെ-ട്രാക്ക് ഈവന്റ്സ് ആന്റ് സർവ്വീസസ് യൂത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.2284 ന്റെ കീഴിൽ ഈവന്റ് മാനേജ്മെന്റ്, ടൂറിസം, കാറ്ററിംഗ് സർവ്വീസ് എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>കൊല്ലം ജില്ലയിൽ രൂപീകരിച്ചിട്ടുള്ള ക്വയിലോൺ ഇൻഫോ സൊല്യൂഷൻസ് യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ക്യൂ.1716, കീഴിൽ ഡിജിറ്റൽ പ്രിന്റിംഗ് യൂണിറ്റ് വിജയകരമായി പ്രവർത്തിക്കുന്നു. മീഡിയ വർക്ക് ചെയ്യുന്ന കലാകാരൻമാരുടെ ഉന്നമനത്തിന് വേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള സംഘമാണ് ആർട്ടിസ്റ്റ് വെൽഫെയർ യുവ സഹകരണ സംഘം ക്ലിപ്തം ക്യൂ. 1713, 2022 ൽ എറണാകുളത്ത് വച്ച് നടന്ന സഹകരണ എക്സ്പോയിൽ ടി സംഘമാണ് മീഡിയ വർക്ക് ചെയ്തിരുന്നത്. ഇക്കോ സർവ്വീസ് യുവ സഹകരണ സംഘം ക്ലിപ്തം ക്യൂ 1714, ഉപയോഗ ശൂന്യമായ വസ്തുക്കൾ കെട്ടികിടന്ന് പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതങ്ങൾ കുറയ്ക്കുക, |

| | | | |
|---|---|---|---|
| | | | ആക്രി സാധനങ്ങൾ ശേഖരിക്കുക എന്നീ ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>കോട്ടയം ജില്ലയിൽ ഇ-നാട് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ 1233 മാലിന്യ നിർമ്മാർജ്ജന രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി വരുന്ന ഒരു യുവജന സഹകരണ സംഘമാണ്. ശുചിത്വ കേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ ഇ-മാലിന്യങ്ങൾ(ഇലക്ട്രോണിക് മാലിന്യം) ജൈവ അജൈവ മാലിന്യം എന്നിവയുടെ ശേഖരണവും അവയുടെ സംസ്കരണത്തിന് സംരംഭങ്ങൾ തുടങ്ങുകയും നിലവിലുള്ളവ ഏറ്റെടുത്ത് നടത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് സംഘം പ്രവർത്തിക്കുന്നത്.<br><br>എറണാകുളം ജില്ലയിൽ നവപാലാഞ്ചുരുത്ത് സ്വയം സംരംഭക സഹകരണ സംഘം ലിമിറ്റഡ് നമ്പർ 1444 വീട്ടമ്മമാരും, തൊഴിൽ രഹിതരുമായ യുവാക്കൾ ഉണ്ടാക്കുന്ന മായമില്ലാത്ത ഭക്ഷ്യസാധനങ്ങൾ വാങ്ങി സംഘം ആരംഭിച്ചിട്ടുള്ള കൺസ്യൂമർ സ്റ്റോർ വഴിയും സംഘത്തിന്റെ പരിധിയിലുള്ള എല്ലാ വീട്ടുകളിലും ന്യായമായ വിലയ്ക്ക് എത്തിച്ച് വിപണനം നടത്തി വരുന്നു.<br><br>പാലക്കാട് ജില്ലയിൽ ചിറ്റൂർ ബ്ലോക്ക് യുവജന സഹകരണ സംഘം അരി, പഴം എന്നിവ കൊണ്ടുള്ള ഉല്പന്നങ്ങൾ, അച്ചാറുകൾ എന്നിവ ഉണ്ടാക്കി വിപണനം ചെയ്യുന്നു. നെന്മാറ ബ്ലോക്ക് യുവ സഹകരണ സംഘം 6 ഏക്കർ സ്ഥലത്ത് വിവിധതരം ചെടികൾ നട്ടുവളർത്തി വിപണനം നടത്തി വരുന്നു.<br><br>കോഴിക്കോട് ജില്ലയിൽ യൂത്ത് എംപവർമെന്റ് ആന്റ് വെൽഫെയർ മൾട്ടിപർപ്പസ് സഹകരണ സംഘം ഡി 3341 ന്റെ കീഴിൽ റെസ്പോൺസിബിൽ ടൂറിസം ക്ലബ് രജിസ്റ്റർ ചെയ്ത് സംഘത്തിന്റെ കീഴിൽ അഡ്വഞ്ചറസ് ടൂറിസം സ്കൂൾ ആരംഭിച്ചിട്ടുണ്ട്.<br><br>കാസറഗോഡ് ജില്ലയിൽ കാസർഗോഡ് മാർക്കറ്റിംഗ് യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ കെ 590 പ്രാദേശികമായി കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും അരി, കാലിത്തീറ്റ, പലവ്യഞ്ജനങ്ങൾ മുതലായവ മിതമായ നിരക്കിൽ വാങ്ങി വെയർഹൗസുകളിൽ സൂക്ഷിച്ച് ജില്ലയിലെ ഏകദേശം 500 ഓളം ഷോപ്പുകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ